(സി) കൊല്ലം വനിത ഐ. ടി. ഐ.-യിൽ ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ് കോഴ്സ് 2004-ൽ ആരംഭിച്ചു. കഴക്കൂട്ടം വനിതാ ഐ.ടി.ഐ.യിൽ 2005-ൽ ആരംഭിക്കുന്നതാണ്.

(ഡി) 'ഹോസ്പിറ്റൽ ഹൗസ്കീപ്പിംഗ്' കോഴ്സിലെ അദ്ധ്യാപകർക്ക് ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ താഴെപ്പറയും പ്രകാരമാണ്:

1. ഫിസിയോളജി, ബയോ സയൻസ്, പബ്ലിക് ഹെൽത്ത് എന്നി കോഴ്സുകളിൽ ഡിഗ്രി/ഡിപ്ലോമ ബിരുദം.

അല്ലെങ്കിൽ

2. പ്രസ്തുത ട്രേഡിലെ നാഷണൽ അപ്രൻറിസ്ഷിപ്പ് സർട്ടിഫിക്കറ്റ് (എൻ.എ.സി.).

അല്ലെങ്കിൽ

3. പ്രസ്തുത ട്രേഡിലെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.ടി.സി.).

ഉടുമ മണ്ഡലത്തിൽ ഐ.ടി.ഐ.

84 [2221] ശ്രീ. കെ.വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജകമണ്ഡലത്തിൽ സർക്കാർ മേഖലയിൽ ഒരു ഐ ടി. ഐ. അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഐ. ടി. ഐ. തുടങ്ങാൻ ആവശ്യമായ സ്ഥലവും താൽക്കാലിക ബിൽഡിംഗും പ്രാഥമിക ചെലവിനത്തിലുള്ള ഫണ്ടും നൽകാമെന്ന് സ്ഥലം എം. എൽ. എ.-യും പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തും അറിയിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉദുമ മണ്ഡലത്തിൽ ഒരു പുതിയ ഐ. ടി. ഐ. സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

സർവ്വീസിലിരിക്കെ മരണപ്പെട്ട എം. കെ. വിജയന്റെ ഭാര്യക്ക് ഫാമിലി പെൻഷനും ആശ്രിത നിയമനവും നൽകുന്നതിന് നടപടി

85 [2222] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഐ. ടി. ഐ. സീനിയർ ഇൻസ്ട്രക്ടർ എം. കെ. വിജയൻ സർവ്വീസിലിരിക്കെ മരണപ്പെട്ട വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇദ്ദേഹത്തിന്റെ ഭാര്യ കെ. ബേബി ഗിരിജ ഫാമിലിപെൻഷൻ ലഭിക്കുന്നതിനുവേണ്ടി നൽകിയ അപേക്ഷ പരിഗണിച്ച് പെൻഷൻ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ബേബി ഗിരിജയ്ക്ക് ആശ്രിത നിയമനവും ഫാമിലി പെൻഷനും നൽകുന്നതിനുള്ള പ്രയാസമെന്തെന്ന് വിശദമാക്കുമോ:

(ഡി) ആശ്രിത നിയമനവും ഫാമിലി പെൻഷനും ബേബി ഗിരിജയ്ക്ക് എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പെൻഷൻ നൽകുന്നതിന് അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ച അനുവാദം 28-6-2005-ൽ പ്രിൻസിപ്പാളിന് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) ഫാമിലി പെൻഷൻ അനുവദിക്കുന്നതിനുവേണ്ടി സേവന പുസ്തകം അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുത്തിരുന്നു. സേവന പുസ്തകം തിരികെ ലഭിക്കാനുണ്ടായ കാലതാമസം മൂലമാണ് ആശ്രിത നിയമനത്തിലുള്ള അപേക്ഷയിൻമേൽ നടപടിയെടുക്കാൻ കഴിയാതിരുന്നത്.

(ഡി) ആശ്രിതനിയമനവും ഫാമിലി പെൻഷനും ശ്രീമതി ബേബി ഗിരിജയ്ക്ക് ഉടൻ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഇ. എസ്. ഐ. ആശുപത്രിയുടെ പ്രവർത്തനം

86 [2223] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ. എസ്. ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആശുപത്രി വികസന സമിതികൾ രൂപീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ഇ.എസ്.ഐ. ആശുപത്രി സൂപ്രണ്ടുമാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇ. എസ്. ഐ. ആശുപത്രികളിൽ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, മരുന്ന് എന്നിവ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) എങ്കിൽ ഇതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആശുപത്രി വികസന സമിതിയിൽ ഉൾപ്പെടുത്തേണ്ട ഔദ്യോഗിക അംഗങ്ങളുടേയും അനൗദ്യോഗിക അംഗങ്ങളുടേയും പട്ടിക എല്ലാ ആശുപത്രിയിൽ നിന്നും ലഭ്യമാക്കിയത് പരിശോധനയിലാണ്.

(സി) ആശുപത്രികളിൽ ഉണ്ടാകുന്ന ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നു. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും കരാർ അടിസ്ഥാനത്തിലും നിയമനം നടത്തിയിട്ടുണ്ട്. മരുന്നുകൾ ഇൻഡന്റ് അനുസരിച്ച് യഥാസമയം വിതരണം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly